# എല്ലാറ്റിലും നല്ല ദാനം

ഡിസംബർ മാസം യേശുവിന്റെ ജനനം ലോകം ആഘോഷിക്കുന്നതായി അറിയപ്പെടുകയും ഒരു ദിവസത്തെ അവൻ ജനിച്ച ദിവസമെന്ന പോലെ "ക്രിസ്തുമസ്" എന്നു വിളിക്കുകയും ചെയ്യുന്നു. ആ പേരിൽ നടക്കുന്നതെല്ലാം കണ്ടില്ലെന്നു നടിക്കയോ അല്ലെങ്കിൽ ഒരു പഠനം തുടങ്ങണോ എന്നു നിങ്ങൾ തീരുമാനിക്കുക. അതു ഒരു പഠനത്തിന്റെ ആരംഭമായി ഉപയോഗിക്കുകയാണെങ്കിൽ രണ്ടാമത്തെ ഭാഗം എടുത്ത് പഠിപ്പിക്കുമ്പോൾ, ബൈബിൾ സത്യം പഠിപ്പിക്കുവാനായി സമ്മാനം - നല്കൽ എന്ന ഒരു പാഠം ഇതാ.

നമ്മിൽ അധികം പേർക്കും ദാനങ്ങൾ ലഭിക്കുന്നതു ഇഷ്ടമാണ്. ദാനങ്ങൾ കിട്ടുന്നതു തമാശയുമാണ്; ദാനങ്ങൾ നല്കുന്നതു അതിലും തമാശയാണ്. യേശു അതിനെ നല്ല രീതിയിൽ പറഞ്ഞിട്ടുണ്ട്: "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഭാഗ്യം" (പ്രവൃത്തികൾ 20:35). നാമെല്ലാവരും ഈ പാഠം പഠിക്കുകയും, നമ്മുടെ കുട്ടികളെ ഇതു പഠിപ്പിക്കുകയും വേണം.

അടുത്ത സമയത്തു ഞാൻ കൊടുത്ത - സമ്മാനത്തെക്കുറിച്ചു വിചാരപ്പെട്ട ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഗിരി പ്രഭാഷണത്തിൽ, യേശു പറഞ്ഞു, "നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ, നിങ്ങൾക്കു എന്തു പ്രയോജനം? ചുങ്കക്കാരും അങ്ങനെ തന്നെ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ, നിങ്ങൾ എന്തു വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെ തന്നെ ചെയ്യുന്നുവല്ലൊ? ..." (മത്തായി 5:46, 47). ഫിലിപ്പിന്റെ തർജ്ജിമ വാക്യം 47-ൽ പറയുന്നു, "നിങ്ങളുടെ കൂട്ടത്തിലുള്ള സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ എന്തു പ്രയോജനം. ..." ദൈവത്തിന്റെ രണ്ടു പ്രവാചകന്മാർ വീണു പോയതിനെ കുറിച്ചു പറയുന്ന, വെളിപ്പാടു പുസ്തകത്തിൽ, നാം വായിക്കുന്നു, "ഈ പ്രവാചകന്മാർ ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ടു ഭൂവാസികൾ അവർ നിമിത്തം ... ആനന്ദിക്കുകയും; *അന്യോന്യം സമ്മാനങ്ങൾ കൊടുത്തയക്കുകയും ചെയ്യും* ..." (വെളിപ്പാട് 11:10; എംഫസിസ്മൈൻ). എന്റെ "സമ്മാനം - കൊടുക്കൽ" അധികവും വാസ്തവത്തിൽ കൈ - മാറ്റമായിരുന്നു. എനിക്കു വീണ്ടും കുട്ടികളെ വളർത്തുവാനുള്ള ഭാഗ്യം ഉണ്ടായാൽ, സമ്മാനങ്ങൾ തിരിച്ചു നല്കുവാൻ കഴിയാത്തവർക്കു സമ്മാനം കൊടുക്കുവാൻ ഞാൻ ഊന്നൽ കൊടുക്കാൻ ശ്രമിക്കും.

സമ്മാനങ്ങളെ കുറിച്ചു ബൈബിൾ ധാരാളം പറയുന്നുണ്ട്: തന്റെ വെപ്പാട്ടിയുടെ മക്കൾക്കു "അബ്രഹാം ദാനം കൊടുത്തിട്ടുണ്ട്" (ഉല്പത്തി 25:6). വിദ്വാന്മാർ യേശുവിനെ കണ്ടപ്പോൾ, "അവന്നു പൊന്നും, മൂരും, കുന്തുരുക്കവും കാഴ്ച്ചവെച്ചു" (മത്തായി 2:11).

മാതാപിതാക്കൾക്കു തങ്ങളുടെ മക്കൾക്കു ‘‘നല്ല ദാനങ്ങളെ കൊടുപ്പാൻ’’ അറിയാം (മത്തായി 7:11). ഈ അവതരണത്തിൽ, “എല്ലാറ്റിലും നല്ല ദാനത്തെ” കുറിച്ചാണ് നാം സംസാരിക്കുന്നത്.

## നല്ല ദാനത്തെ അംഗീകരിക്കൽ

എല്ലാറ്റിലും നല്ല ദാനം എന്താണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ആൺകുട്ടികൾ വിചാരിക്കുന്നതു കളിപ്പാട്ടം ആയിരിക്കും ഏറ്റവും നല്ലതു എന്നാണ്. പെൺകുട്ടികൾ വിചാരിക്കും പാവയാണ് ഏറ്റവും നല്ലത് എന്ന്. അമ്മമാർക്കു, ആരെങ്കിലും വീടു വൃത്തിയാക്കുന്നതു ഏറ്റവും നന്നായി തോന്നും. പിതാക്കന്മാരെ സംബന്ധിച്ച്, മറ്റെല്ലാവർക്കും ദാനം *കൊടുക്കേണ്ട*തിനും ചെലവുകൾക്കും മതിയായ പണം കണ്ടെത്തുക എന്നതാണ്.

അത്ഭുതകരമായ ദാനങ്ങൾ, വർഷങ്ങളായി കൊടുത്തു വരുന്നു. പുരാതന ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ - ബാബേലിലെ തൂങ്ങിക്കിടക്കുന്ന തോട്ടം നെബൂഖദ്നേസർ രാജാവു ഉണ്ടാക്കിയതാണ് - ആ പൂന്തോട്ടം തന്റെ ഭാര്യക്ക് സമർപ്പിച്ചു, അവൾ മുൻപറഞ്ഞ വീട്ടിൽ ഏകാന്തതയിലായിരുന്നു. നെപ്പോളിയൻ ജോസെഫൈന് 880 ഡയമണ്ടുകൾ ഉള്ള ആഭരണം കൊടുത്തതായി പറഞ്ഞു കേട്ടിട്ടുണ്ട്. സെന്റ് ലാറൻസ് റിവറിലെ ആയിരം ദ്വീപുകളിലെ ഒന്നിലെ ഹോട്ടൽ ടൈകൂൺ വാങ്ങി അതിനെ ഹൃദയത്തിന്റെ രൂപത്തിൽ കൊത്തു പണി ചെയ്തു ജോർജ് ബോൾറ്റ്, തന്റെ ഭാര്യക്കു സമ്മാനമായി നല്കി.[1]

നിങ്ങൾക്കു ഇതുവരെ ലഭിച്ച ദാനങ്ങളിൽ ഏറ്റവും നല്ലതു എന്തായിരുന്നു? ആ ചോദ്യത്തിനു മറുപടി പറയുവാൻ എനിക്കു പ്രയാസമാണ്; പക്ഷെ എന്നോടു ചോദിച്ചാൽ, ഒരു രംഗം എന്റെ മനസ്സിൽ ഓർമ്മ വരുന്നു. എനിക്ക് അന്നു പത്തു വയസ്സും, എന്റെ അനിയൻ കോയ്ക്ക് ഏഴു വയസ്സും ഉണ്ടായിരുന്നു. ഞങ്ങൾക്കു ഒരു ചരക്കു വണ്ടി അത്യാവശ്യമായിരുന്നു, എന്നാൽ ഞങ്ങളുടെ മാതാപിതാക്കൾ അവരുടെ “വിഷമ സന്ധികൾ” നിരത്തിക്കൊണ്ടിരുന്നു; ഞങ്ങൾക്കു അധികം പണം ഉണ്ടായിരുന്നില്ല. എന്റെ അനിയൻ ഒരു വണ്ടിക്കായി കാംക്ഷിച്ചിരുന്നു, അവന്റെ ചെറിയ ഹൃദയത്തെ വേദനിപ്പിക്കുവാൻ ഞാൻ ആഗ്രഹിച്ചില്ല. എന്തുകൊണ്ടു നമുക്കു ഇപ്പോൾ ഒരു ചരക്കുവണ്ടി കിട്ടുകയില്ല എന്നു ഞാൻ വിശദമാക്കി കൊടുത്തു. എന്നെ അതിശയിപ്പിച്ചുകൊണ്ട്, ഞങ്ങൾക്കു ഒരു ചരക്കു വണ്ടി കിട്ടി! അതു മനോഹരമായ ഒരു ദാനം ആയിരുന്നു.

വർഷങ്ങളായി ഞങ്ങളുടെ വീട്ടിൽ, എനിക്കും എന്റെ ഭാര്യക്കും ധാരാളം സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഞങ്ങൾ അതിൽ നോക്കുമ്പോഴെല്ലാം, ഞങ്ങൾ സ്നേഹിക്കുന്ന ആളുകളെ കുറിച്ചുള്ള ധാരാളം ഓർമ്മകൾ കടന്നുവരും. വർഷങ്ങളായി, മുപ്പതു-ഇഞ്ചു അര വണ്ണമുള്ള ഒരു ബെൽട്ട് ഞാൻ സൂക്ഷിച്ചിട്ടുണ്ട് - ഞാൻ ഒരു ടീൻ - എയിജർ ആയിരുന്നതുകൊണ്ട് എനിക്കു മുപ്പതു - ഇഞ്ചു അരവണ്ണം ഇല്ലായി

രുന്നു എന്നാലും - ഞാൻ സൂക്ഷിക്കുവാൻ കാരണം എന്റെ മക്കൾ ഒരു വർഷം എന്റെ ജന്മദിനത്തിന് സമ്മാനിച്ചതാണ് അത്.

തീർച്ചയായും, ഏറ്റവും മികച്ച വിലയേറിയ സമ്മാനങ്ങൾ ചില രീതിയിൽ കൊടുപ്പാൻ ആഗ്രഹിക്കുന്നവരാണ് മനുഷ്യർ. ഒരു പിതാവ് തന്റെ മകന് ഒരു കഷ്ണം പേപ്പറിൽ ഇപ്രകാരം എഴുതിക്കൊടുത്തു: "എന്റെ മകന്. ആഴ്ച്ചയിലെ ആറു ദിവസങ്ങളിൽ ഓരോ മണിക്കൂർ വീതവും ഞായറാഴ്ച്ചകളിൽ രണ്ടു മണിക്കൂറും ഞാൻ നിന്റെ ഇഷ്ടത്തിനായി ഉപയോഗിക്കുന്നതിന്, തരുന്നു. സ്നേഹത്തോടെ, ഡാഡി."

നമുക്കും മറ്റുള്ളവർക്കും ലഭിച്ചിട്ടുള്ള മനോഹരമായ സമ്മാനങ്ങളെ കുറിച്ചു നമ്മിൽ പലർക്കും ചിന്തിക്കുവാൻ കഴിയും, എന്നാൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് എല്ലാറ്റിലും നല്ല സമ്മാനം *ദൈവത്തിൽ നിന്ന്* വരുന്നതാണ്. അതിൽ നമുക്കു ആശ്ചര്യം തോന്നുകയില്ല, കാരണം യാക്കൊബ് പറഞ്ഞു "എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിൽ നിന്നു ഇറങ്ങി വരുന്നു ..." (യാക്കൊബ് 1:17).

ദൈവം നമുക്കു അത്രത്തോളം നല്കുന്നുണ്ട്. "താൻ എല്ലാവർക്കും ജീവനും ശ്വാസവും *സകലവും കൊടുക്കുന്നവൻ*" (പ്രവൃത്തികൾ 17:25; എംഫസിസ് മൈൻ). അതിൽ നമ്മുടെ എല്ലാ ആത്മികാനുഗ്രഹങ്ങളും ഉൾപ്പെടും: "... അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്കു ദാനം ചെയ്തിരിക്കുന്നുവല്ലോ ..." (2 പത്രൊസ് 1:3; കെജെവി). എങ്ങനെയായാലും, എന്റെ മനസ്സിൽ, ഒരു പ്രത്യേക ദാനം ഉണ്ട് - വളരെ പ്രത്യേകതയുള്ള ഒരു ദാനം - അതു ദൈവം നമുക്കു നല്കിയതാണ്.

ഞാൻ പോകുന്നതു ഏതു വേദഭാഗത്തിലേക്കാണെന്നു നിങ്ങൾക്കു ഒരു പക്ഷെ ഊഹിക്കുവാൻ കഴിഞ്ഞിരിക്കും - യോഹന്നാൻ 3:16: ''ദൈവം ആരും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിനു, *തന്റെ ഏതജാതനെ നല്കുവാൻ തക്കവണ്ണം*, അവൻ ലോകത്തെ സ്നേഹിച്ചു." (എംഫസിസ് മൈൻ.) ദൈവം സർവ്വ ലോകത്തെയും സ്നേഹിച്ചു. അവൻ എല്ലാവരെയും ഉൾപ്പെടുത്തി!

## ഏറ്റവും നല്ല ദാനത്തെ അനുമോദിക്കൽ

### നല്ല ദാനത്തിന്റെ ഭാഗം ഒന്ന്

"ഏറ്റവും നല്ല ദാനത്തിനു" രണ്ടു ഭാഗങ്ങൾ ഉണ്ട്. ആദ്യഭാഗം യേശു തന്നെയാണ്: ദൈവം "തന്റെ ഏകജാതനെ നല്കി." ഒരു ശിശുവായിട്ടാണ് ദാനത്തിന്റെ ആദ്യഭാഗം ലോകത്തിലേക്കു വന്നതു. ആട്ടിടയന്മാർക്കു ദൂതൻ നല്കിയ സന്ദേശം ഓർക്കുക: "ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു; കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു, ഇന്നു ദാവീദിന്റെ പട്ടണത്തിൽ, നിങ്ങൾക്കായി

ജനിച്ചിരിക്കുന്നു" (ലൂക്കൊസ് 2:10, 11).

ഈ ജനനത്തിന്റെ പ്രാധാന്യം യോഹന്നാൻ 1:1, 14-ൽ കാണാം: "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു, വചനം ദൈവം ആയിരുന്നു"; "വചനം ജഡ മായിത്തീർന്നു, നമ്മുടെ ഇടയിൽ പാർത്തു.ം ..." ദൈവം ജഡമായി തീരുന്നതാണ് അവതാരം. അവതാരം ഇല്ലെങ്കിൽ, ക്രൂശീകരണം അർത്ഥ ശൂന്യമാണ്. കന്യകാജനനം കൂടാതെ, ഒരവതാര വുമില്ല (മത്തായി 1:23). ആളുകൾ യേശുവിന്റെ ജന്മദിനം ആഘോഷിക്കുകയും, അതേ സമയം, കന്യകാജനനത്തെ ത്യജിക്കുകയും ചെയ്യുന്നതു കാണുന്നത് എത്ര ഖേദകരമാണ്.

സമ്മാനപ്പെട്ടിയിലെ, "കൂമ്പാരത്തിൽ ഒന്നാമത്തേതാണ്" എങ്ങനെയായാലും, യേശുവിന്റെ ജനനം. യേശു താഴ്ന്ന, എളിമയുള്ള ഭവനത്തിൽ ജീവിതത്തിലെ അത്യാവശ്യങ്ങൾ മാത്രം നിറവേറ്റി വളർന്നു. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും, അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു, നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊരിന്ത്യർ 8:9).

ഇവയെല്ലാം നമ്മെ ആ ദാനത്തിന്റെ പൂർണ്ണമായ വെളിപ്പാടിലേക്കു നയിക്കുന്നു. പൗലൊസ് തുടർന്നു ആ ദാനത്തെ തുറന്നു കാണിക്കുകയാണ് ഫിലിപ്പിയർ 2:6-8-ൽ:

> അവൻ ദൈവരൂപത്തിൽ ഇരിക്കെ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു നിരൂപിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നേ അനുസരണമുള്ളവനായിത്തീർന്നു.

നമുക്കു ദൈവത്തിന്റെ സമ്മാനപ്പെട്ടി എന്ന ചിത്രീകരണത്തിലേക്കു മടങ്ങി വരാം: കുട്ടികൾ സമ്മാനം എന്തായിരിക്കുമെന്നു ഊഹിച്ചശേഷം, ഞാൻ അതിന്റെ കെട്ടഴിക്കും. തുറക്കുമ്പോൾ, പെട്ടി ക്രൂശിന്റെ ആകൃതിയിലാകും.

ദൈവം തന്റെ പുത്രനെ ഈ ലോകത്തിലേക്കു അയച്ചു വെറുതെ "തരുക" യായിരുന്നില്ല എന്നു പറഞ്ഞു ഞാൻ വിശദമാക്കും. മറിച്ചു, അവനെ നല്കിയതു ഒരു പ്രത്യേക ഉദ്ദേശത്തിനായിരുന്നു: നമുക്കു വേണ്ടി ക്രൂശിൽ മരിക്കുവാൻ!

വീണ്ടും വീണ്ടും, യേശുവിന്റെ യാഗം ഒരു ദാനമായിരുന്നു (ആണ്) എന്നാണ് തിരുവെഴുത്തുകൾ ഊന്നി പറയുന്നത്: മത്തായി 20:28 ഊന്നി പറയുന്നതു "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും, അനേകർക്കുവേണ്ടി *തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും* വന്നതുപോലെ തന്നെയെന്നു പറഞ്ഞു" (എംഫസിസ് മൈൻ). യേശു കർത്തൃമേശ സ്ഥാപിച്ചു കൊടുത്തപ്പോൾ, അവൻ

പുളിപ്പില്ലാത്ത അപ്പം എടുത്തു പറഞ്ഞു, “ഇതു *നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം*; എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു” (ലൂക്കൊസ് 22:19; എംഫസിസ് മൈൻ). ഗലാത്യർ 1:3, 4-ൽ പൗലൊസ് എഴുതി, “നമ്മുടെ *പാപങ്ങൾക്കായി,* കർത്താവായ യേശുക്രിസ്തു *തന്നെത്താൻ ഏല്പിച്ചു കൊടുത്തു*” (എംഫസിസ് മൈൻ). ഗലാത്യർ 2:20 ൽ പൗലൊസ് വ്യക്തിപരമായി “*എന്നെ* സ്നേഹിച്ചു *എനിക്കു*വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു” എന്നു പറയുന്നു” (എംഫസിസ് മൈൻ).

പൗലൊസിന്റെ ഈ വിഷയത്തെക്കുറിച്ചുള്ള വേദഭാഗങ്ങളിൽ നിർത്താതെ തുടരുന്നുണ്ട്:

> “... നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന്നു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ ...” (എഫെസ്യർ 5:2).
>
> “ദൈവം ... ഒരുവനല്ലൊ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും ഒരുവൻ, എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ ...” (1 തിമൊഥെയൊസ് 2:5, 6).
>
> “യേശുക്രിസ്തുവിന്റെ ... തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടു ... അവൻ തന്നെത്താൻ, നമുക്കുവേണ്ടി കൊടുത്തു ...” (തിത്തൊസ് 2:13, 14).

നമുക്ക് ആ ദാനത്തിന്റെ മുഴുവൻ വിലയും മനസ്സിലാക്കി - അനുമോദിക്കാൻ പ്രയാസമാണ്. സിസേരോ, ക്രൂശീകരണത്തെ “ക്രൂരവും അതിഭയാനകവുമായ പീഡനം” എന്നാണ് പറഞ്ഞത്. ക്ലാസ്നെർ പറഞ്ഞു, “മനുഷ്യൻ സഹമനുഷ്യനോടു പ്രതികാരം ചെയ്തു മരണത്തിനു ഏല്പിച്ച ക്രൂശീകരണം ഏറ്റവും ഭയാനകവും ക്രൂരവും ആയിരുന്നു..”[2] ക്രൂശിലെ യേശുവിന്റെ ചില കഷ്ടതകളെ യെശയ്യാവു 53:5 വരച്ചുകാണിക്കുന്നു: “എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാന - ത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.” ഈ വാക്കുകൾ നിങ്ങളുടെ മനസ്സിൽ അടിവരയിടുക: “കുത്തി,” “ചതച്ചു,” “ശിക്ഷിക്കൽ,” “അടിക്കൽ.” വൈദ്യ ശാസ്ത്രം പറയുന്നതു അടിസ്ഥാനപരമായി അഞ്ചു തരത്തിലുള്ള മുറിവുകൾ ഉണ്ടെന്നാണ്.[3] യേശു അവയെല്ലാം നമുക്കുവേണ്ടി സഹിച്ചു:

(1) *ചതഞ്ഞ മുറിവു*, വായ്ത്തലയില്ലാത്ത ആയുധം കൊണ്ടുള്ള അടിയാൽ സംഭവിക്കുന്നത്. മീഖാ 5:1 ൽ പ്രവചിച്ചതുപോലെ, വടി കൊണ്ടു യേശുവിന്റെ തലക്ക് അടിച്ചിരുന്നു.

(2) *കീറിയ മുറിവു*, കീറുവാൻ ഉപയോഗിക്കുന്ന ആയുധത്താൽ

സംഭവിക്കുന്നത്. ക്രൂരനായ ഒരാളുടെ കയ്യാൽ, ചാട്ടവാർ കൊണ്ട ടിക്കുമ്പോൾ അതിന്റെ മുനയുള്ള ഭാഗം ശരീരത്തെ കീറി മുറിക്കുന്ന തീവ്ര വേദന പറഞ്ഞറിയിക്കുവാൻ പറ്റാത്തതാണ്.

(3) *കുത്തിത്തുളച്ച മുറിവു,* നല്ല മുനയുള്ള ആയുധം ഉപയോ ഗിക്കുമ്പോൾ സംഭവിക്കുന്നത്. യേശുവിന്റെ തലയിലെ കിരീടത്തിൽ നാലിഞ്ചു നീളത്തിലുള്ള മുള്ളാണികളായിരുന്നു. പടയാളികൾ ആ കിരീടം അവന്റെ തലയിൽ അമർത്തി വെക്കുകയും കോൽ കൊണ്ടു തലയിൽ അടിക്കുകയും ചെയ്തപ്പോൾ (മത്തായി 27:29, 30), കുത്തി തുളയ്ക്കുന്ന വൃത്താകൃതിയിലുള്ള മുറിവുകളായിരിക്കാം അവന്റെ തലയിൽ ഉണ്ടാക്കിയത്.

(4) *തുളക്കുന്ന മുറിവു*, തുരക്കുന്ന ആയുധം കൊണ്ടുണ്ടാകുന്ന മുറിവു. കുന്തം കൊണ്ടു എല്ലുകൾക്കിടയിലൂടെ കുത്തിയപ്പോൾ, എല്ലു കൾ ഒടിയാതെ തുളച്ചുകയറിയതിന്റെ വേദന അതികഠിനമായിരുന്നു. "അവർ എന്റെ കൈകളേയും കാലുകളേയും തുളച്ചു" (സങ്കീർത്ത നങ്ങൾ 22:16).

(5) *വെട്ടൽ കൊണ്ടുള്ള മുറിവു*, അഗ്രം മുനയുള്ള ആയുധം കൊണ്ടു സംഭവിക്കുന്നത്. "എങ്കിലും പടയാളികളിൽ ഒരുത്തൻ അവന്റെ വിലാപ്പുറത്തു കുത്തി, ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു" (യോഹന്നാൻ 19:34).

യേശുവിലൂടെ കടന്നുപോയ ആത്മിയ വ്യഥയും ഇതിനോടുകൂടെ ചേർത്താൽ, ഇതിനെ ഏറ്റവും വലിയ വിലയായി കണക്കാക്കാം. അതി ശയകരമായി, താൻ അതു സ്വയമായി നല്കിയതായിരുന്നു. യേശു ഉറപ്പിച്ചു പറഞ്ഞു, "... എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനു ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ടു പിതാവു എന്നെ സ്നേഹിക്കുന്നു. ആരും അതിനെ എന്നോടു എടുത്തു കളയുന്നില്ല, ഞാൻ തന്നേ അതിനെ കൊടുക്കുന്നു" (യോഹന്നാൻ 10:17, 18).

രണ്ടു - ഭാഗമുള്ള ദൈവത്തിന്റെ ദാനത്തിൽ ആദ്യത്തേത് ക്രിസ്തു തന്നെയാണ് - നമുക്കുവേണ്ടി ക്രൂശിൽ മരിക്കുന്നത്. "പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്തോത്രം!" (2 കൊരിന്ത്യർ 9:15).

## നല്ല ദാനത്തിന്റെ രണ്ടാം ഭാഗം

യേശുവിന്റെ യാഗത്തിന്റെ ഫലമാണ് ദൈവദാനത്തിന്റെ രണ്ടാം ഭാഗം: ക്രൂശ് മുഖേന വരുന്ന രക്ഷ! "കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണം അല്ല, *ദൈവത്തിന്റെ ദാനമത്രേ ആകുന്നു*" (എഫെസ്യർ 2:8; എംഫസിസ് മൈൻ). "പാപത്തിന്റെ ശമ്പളം മരണമത്രേ, *ദൈവത്തിന്റെ കൃപാ വരമോ* നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23; എംഫസിസ് മൈൻ).

നിത്യമായി രക്ഷപ്രാപിക്കുന്നതിനെ കുറിച്ചു ആരെങ്കിലും പറഞ്ഞാൽ, നമ്മുടെ പ്രതികരണം എന്തായിരിക്കും? നമുക്കു ആവേശം ഉണ്ടാകുമോ, അതോ കോട്ടുവായിട്ട് ആലോചിക്കുമോ? ചിലർ പ്രതികരി ക്കുന്നതു എനിക്ക് ഊഹിക്കാൻ കഴിയും, "ഞാൻ അതിനെക്കുറിച്ചു

നൂറുകണക്കിനു പ്രാവശ്യം കേട്ടു കഴിഞ്ഞതാണ്; അത് ഒരു പഴയ വാർത്തയാണ്." നിങ്ങളെ സംബന്ധിച്ചു അതങ്ങനെ അല്ലെന്നു ഞാൻ കരുതുന്നു. രക്ഷ വാസ്തവത്തിൽ എത്രമാത്രം ത്രസിപ്പിക്കുന്ന താണെന്നു നിങ്ങൾക്കറിയാം. ഇതു മനസ്സിലാക്കി മാർക്ക് എന്നു പേരുള്ള ഒരാൺകുട്ടിയെ കുറിച്ചു ജോ ബാർനെറ്റു പറഞ്ഞു:

> മർക്കൊസിനു നാലു വയസ്സു പ്രായം ഉണ്ടായിരുന്നപ്പോൾ, പതിമൂന്നു വർഷങ്ങൾക്കു മുൻപു അവനുണ്ടായിരുന്ന [ഒഴിവു ദിവസങ്ങൾ] അവൻ ഓർത്തുപോയി. ...
>
> അതു അവന്റെ മാതാപിതാക്കൾ മദ്യപിക്കുവാൻ തുടങ്ങുന്നതിനു മുൻപു:
>
> ... അതു കലഹം, നീണ്ട ഉപേക്ഷിക്കൽ, ജോലിയില്ലായ്മക്കും മുൻപു;
>
> ... മാർക്കിനെ അവന്റെ പിതാവിൽ നിന്ന് രണ്ടായിരം മൈലുകൾ ദൂരെയാക്കുന്നതിനും അവന്റെ അമ്മയെ എന്നേ ക്കുമായി വേർപെടുത്തുന്നതിനും ഇടയാക്കിയ അപകടത്തിനു മുൻപു;
>
> ... ഒരു നവീകരണ പാഠശാലയിൽ [ഒഴിവു ദിവസങ്ങൾ] ചെലവഴിക്കുന്നതെങ്ങനെ എന്നു അറിയുന്നതിനു മുൻപു;
>
> ... [കഞ്ചാവിന്റെ] പുക ഒരുമിച്ചു വിടുന്നതു കണ്ടെത്തുന്നതിനും വൃത്തികെട്ട ലോകത്തിൽ നിന്നും പിരിയുന്നതിനും മുൻപു;
>
> ... അവന്റെ തടവിനു മുൻപു.
>
> കഴിഞ്ഞവർഷം മർക്കൊസ് ജെയിൽ മോചിതനായി അവനെ കുട്ടികളെ വളർത്തുന്ന ഒരു കേന്ദ്രത്തിലാക്കി. അതു അവന്റെ നിരാശയിൽ നിന്നു കയറുന്ന ആദ്യ പടിയായിരുന്നു. അവനെ വളർത്തിയ മാതാപിതാക്കൾ ക്രിസ്ത്യാനികൾ ആയിരുന്നു. വാസ്തവത്തിൽ സ്നേഹിക്കപ്പെടുക, കരുതുക എന്നാലെന്താണെന്നു മർക്കൊസ് വീണ്ടും കണ്ടെത്തി.
>
> മടിച്ചുകൊണ്ടാണ് അവൻ ആ പുതിയ രക്ഷകർത്താക്ക ളോടുകൂടെ ആരാധനക്കു പോയത്. ...
>
> അവൻ അവിടെ തന്റെ സമപ്രായക്കാരെ കണ്ടെത്തി. അവർ അവനെ സ്വീകരിച്ചു. അവനെയും ഉൾപ്പെടുത്തി, അവനോടുകൂടെ പങ്കിട്ടു, അവനെ പഠിപ്പിച്ചു.
>
> അവസാനം, അവന്റെ ഭൂതകാലം തുടച്ചു കളയുവാൻ കഴിയുമെന്ന് അവനു ബോധ്യമായി, അവൻ തന്റെ ജീവിതം യേശുവിനു സമർപ്പിച്ചു. അതു ആറുമാസം മുൻപായിരുന്നു. ഭൂതകാലം ഇപ്പോഴും അവനെ വേദനിപ്പിക്കുന്നു, എന്നാൽ അവനിൽ വന്ന മാറ്റം അവിശ്വസനീയ മായിരുന്നു ...
>
> ഈ [ഒഴിവുദിവസങ്ങൾ] സന്തോഷകരമായിരിക്കും. അവനെ വളർത്തുന്ന രക്ഷകർത്താക്കൾ അവനോടു ബഹളം വയ്ക്കും. അവനു വളരെക്കാലം കിട്ടാതിരുന്ന ശ്രദ്ധയും സ്നേഹവും അവർ അവനു നല്കിത്തുടങ്ങി.
>
> എന്നാൽ അവനു ഈ [ഒഴിവുദിവസങ്ങളിൽ] മറ്റു പദ്ധതികൾ

കൂടെ ഉണ്ട്. ആ നവീകരണ സ്കൂളിലേക്കു അവർ അനുവദിച്ചാൽ അവൻ തിരിച്ചുപോകും. അവൻ പറഞ്ഞു, "ചളിയിൽ നിന്നു കയറി യേശുവിനോടു നടന്നാൽ എന്തു തോന്നും എന്നു ഞാൻ അവരോടു പറയും. ആ എല്ലാത്തരം അനുഭവപ്പെടുന്ന, ത്യജിക്കപ്പെട്ട കുട്ടികളോടു എനിക്ക് അറിയാവുന്ന ഏറ്റവും പ്രധാനപ്പെട്ട വാക്കുകൾ ഞാൻ പറയും: 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു, ദൈവം അവനെ നല്കുവാൻതക്കവണ്ണം ലോകത്തെ സ്നേഹിച്ചു'" (യോഹന്നാൻ 3:16).[4]

യേശുവും അവൻ നല്കുന്ന രക്ഷയുമാണ് "എല്ലാറ്റിലും നല്ല ദാനം," എന്നു ഞാൻ വിശ്വസിക്കുന്നു, നിങ്ങളും അങ്ങനെ വിശ്വസിക്കുന്നു എന്നു കരുതുന്നു.

## ഏറ്റവും നല്ല ദാനം സ്വീകരിക്കൽ

ദൈവത്തിന്റെ ദാനം *സ്വീകരിക്കുന്നതിനെ* കുറിച്ചു ചില വാക്കുകൾ ഞാൻ പറയണം. പൗലൊസ് എഴുതി, "നിങ്ങൾക്കു *ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായി തീരരുത്* എന്നു, ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു" (2 കൊരിന്ത്യർ 6:1; എംഫസിസ് മൈൻ). ദൈവത്തിന്റെ കൃപാദാനം "സ്വീകരിക്കേണ്ടതു" ആവശ്യമാണെന്നു ഈ വാക്യം വ്യക്തമാക്കുന്നു. ഒരിക്കൽ നിങ്ങൾ അതു സ്വീകരിച്ചാൽ, നിങ്ങൾക്കു നഷ്ടമാകാനും ഇടയുണ്ട് എന്നും അത് സൂചിപ്പിക്കുന്നു. ദൈവത്തിന്റെ ദാനങ്ങളോടുള്ള വ്യക്തിപരമായ ഉത്തരവാദിത്വമാണ് ഇതെല്ലാം ഊന്നിപറയുന്നത്.

വ്യക്തിപരമായ ഉത്തരവാദിത്വം എന്ന ആശയം എല്ലാവരും മനസ്സിലാക്കുന്നില്ല. ചിലർ വിചാരിക്കുന്നതു രക്ഷ സൗജന്യമാകയാൽ, നമ്മുടെ ഭാഗത്തു നിന്നു ഒന്നും ചെയ്യേണ്ടതില്ല എന്നാണ്. നിങ്ങൾക്കും എനിക്കും ദൈവത്തിന്റെ ദാനം *സമ്പാദിക്കുവാൻ* സാധ്യമല്ല എന്നു ഞാൻ സമ്മതിക്കുന്നു, എന്നാൽ അപ്പോഴും നാം അതു *സ്വീകരിക്കണം* – അതു ദൈവത്തിന്റെ കല്പനകൾ അനുസരിക്കേണ്ട ആവശ്യത്തെ ഉണർത്തുന്നു.

ഒരു ടെലിവിഷൻ പരിപാടിയായ "ട്രൂത്ത് ഇൻ ലവ്," എന്നതിനു ഞാൻ ആതിഥേയത്വം വഹിച്ചപ്പോൾ എന്റെ സഹോദരൻ കോയ് ആ പരിപാടിയിൽ വന്നു ദൈവകൃപയെ കുറിച്ചു സംസാരിച്ചു. പ്രായോഗിക ചിത്രീകരണത്തിനു, ഞങ്ങളുടെ അമ്മ അവനു സമ്മാനമായി കൊടുത്ത ഷർട്ടിനെ പറ്റി അവൻ പറഞ്ഞു. ആ സമ്മാനം ഉപയോഗപ്പെടുത്തിയതെങ്ങനെ എന്ന് അയാൾ വിവരിച്ചു പറഞ്ഞു. ആദ്യം, പൊതി അഴിച്ചു. പിന്നെ അതിൽ കുത്തിയിരുന്ന സൂചികൾ എല്ലാം ഊരി, അകത്തുണ്ടായിരുന്ന കാർഡ് ബോർഡുകളും മാറ്റി, പൊതിയുവാൻ ഉപയോഗിച്ചതെല്ലാം മാറ്റി. അവസാനമായി, അവന് ഷർട്ടു ധരിക്കുകയാണ് വേണ്ടത്. ആ സമ്മാനം ഉപയോഗിക്കുന്നതിനു

മുൻപു അവൻ പതിമൂന്നുകാര്യങ്ങൾ ചെയ്തതായി കോയ് കണക്കുകൂട്ടി. അയാൾ ചോദിച്ചു, "ഞാൻ എന്റെ അമ്മയോടു, 'അമ്മേ, ഇതു ഒരു സമ്മാനം അല്ല കാരണം ഇതു ഉപയോഗിക്കുന്നതിനു മുൻപു പതിമൂന്നു കാര്യങ്ങൾ ഞാൻ ചെയ്തില്ലേ' എന്നു ചോദിക്കുമോ?" "ഇല്ല!'' അയാൾ പറഞ്ഞു. "അതു അപ്പോഴും ദാനമാണ്. അതു ഉപയോഗിക്കുന്നതിനു ആവശ്യമുള്ളതു മാത്രമാണ് ഞാൻ ചെയ്തത്." അതുപോലെ, ദൈവം പറയുന്നതു നിങ്ങളും ഞാനും ചെയ്താൽ പോലും, രക്ഷ അപ്പോഴും ദാനം തന്നെയാണ്. നാം ചെയ്യേണ്ടതു, സ്വീകരിക്കുക, കൈപ്പറ്റുക, ദൈവത്തിന്റെ അത്ഭുത ദാനം ഉപയോഗിക്കുക.

ദൈവത്തിന്റെ നല്ല ദാനം നാം *എങ്ങനെ* സ്വീകരിക്കും? നിങ്ങ ൾക്കും എനിക്കും നമ്മുടേതായ കഴിവിൽ സാധ്യമല്ല; കർത്താവിനു മാത്രമെ പറയുവാൻ കഴിയൂ. നമ്മുടെ വിചാരങ്ങൾ അല്ല ദൈവത്തിന്റെ വിചാരങ്ങൾ; നമ്മുടെ വഴികൾ അല്ല അവന്റേത് (യെശയ്യാവ് 55:8, 9). "എങ്ങനെ?" എന്ന ചോദ്യത്തിനു കർത്താവു ഉത്തരം നല്കിയിട്ടുണ്ട്.

പ്രവൃത്തികൾ 2-ൽ പത്രൊസ് യേശുവിനെ കുറിച്ചു പ്രസംഗിച്ചു. അവൻ പറഞ്ഞു, "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ - ദൈവം കർത്താവും ക്രിസ്തുവും ആക്കിവെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" (വാ. 36). അവന്റെ പ്രസംഗം കേട്ടവർ ഹൃദയത്തിൽ കുത്തുകൊണ്ടു, "ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്ന് ഉച്ചത്തിൽ നിലവിളിച്ചു (വാ. 37). പത്രൊസ് അവരോടു പറഞ്ഞു, "നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (വാ. 38). വീണ്ടും, പ്രവൃത്തികൾ 22-ൽ, പശ്ചാത്തപിച്ച ഒരു വിശ്വാസിയോടു പറഞ്ഞു, "ഇനി താമസിക്കുന്നതു എന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക" (വാ. 16).

രക്ഷിക്കപ്പെടുവാൻ, നാം യേശുവിൽ വിശ്വസിക്കയും, നമ്മുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും, സ്നാനം ഏല്ക്കുകയും (വെള്ളത്തിൽ മുങ്ങൽ) ചെയ്യണം. ചില നിബന്ധനകൾ നിറവേറ്റേണ്ട തുണ്ടെന്നല്ല ഞാൻ പറയുന്നതു. ഞാൻ പറയുന്നതു വ്യക്തിയെത്തന്നെ നല്കണം എന്നാണ്; ജീവിതത്തിനു ഒരു സമർപ്പണം എടുക്കണം എന്നാണ് ഞാൻ പറയുന്നത്.

ദൈവം ആഗ്രഹിക്കുന്നതു സമർപ്പണമാണ്. ദരിദ്രയായ വിധവ നല്കിയതിനെ യേശു പ്രശംസിക്കയുണ്ടായി. അവൻ പറഞ്ഞു, "ഇവളോ, തന്റെ ഇല്ലായ്മയിൽ നിന്നു, തനിക്കുള്ളതു ഒക്കെയും, തന്റെ ഉപജീവനം മുഴുവനും ഇട്ടു" (മത്തായി 12:44). മക്കെദോന്യക്കാരും ഈ വിധത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ചിരുന്നു. പൗലൊസ് അവരെ ക്കുറിച്ചു എഴുതി, "അവർ മുമ്പെ കർത്താവിനു തങ്ങളെത്തന്നെ നല്കി" (2 കൊരിന്ത്യർ 8:5).

നിങ്ങളെത്തന്നെ കർത്താവിനു നല്കുക, നിങ്ങളുടെ ജീവിത

ത്തിലെ മുൻഗണനകൾ ശരിയാകും. നിങ്ങൾ നിങ്ങളുടെ സമയം, പണം, ഊർജ്ജം, താലന്തുകൾ എന്നിവ കൊണ്ട് എന്തു ചെയ്യണമെന്നു നിങ്ങൾക്ക് മനസ്സിലാകും.

**ഉപസംഹാരം**

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "സൗജന്യമായി നിങ്ങൾക്കു ലഭിച്ചതു, സൗജന്യമായി കൊടുപ്പിൻ" (മത്തായി 10:8). എല്ലാറ്റിലും നല്ല ദാനം ദൈവം സൗജന്യമായി നിങ്ങൾക്കു നല്കി. നിങ്ങൾ നിങ്ങളുടെ ജീവിതത്തെ സൗജന്യമായി അവന്നു കൊടുക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

---

കുറിപ്പുകൾ

[1]ഈ ഖണ്ഡികയിലെ മൂന്നു ചിത്രീകരണങ്ങൾ എടുത്തിരിക്കുന്നത് ജോ ആർ. ബർനെറ്റിന്റെ "ദ അൾട്ടിമേറ്റ് ഗിഫ്റ്റ്" എന്ന ലഘുലേഖയിൽ നിന്നാണ് (ലബോക്ക്. ടെക്സ്.: പാത്‌വേ പബ്ളിഷിംങ്ങ് ഹൗസ്, 1979). [2]ഉദ്ധരിച്ചത് ജോ ആർ. ബർനെറ്റിന്റെ "ദ അൾട്ടിമേറ്റ് ഗിഫ്റ്റ്," *അപ്രീച്ച്* (നവാ./ഡിസാ. 1982):21. [3]ഇബിഡ്., 20 അഞ്ചുതരത്തിലുള്ള മുറിവുകളെ കുറിച്ചുള്ള വിവരം എടുത്തിരിക്കുന്നത് ജോ ബർനെറ്റിൽ നിന്നാണ്. [4]ഇബിഡ്., 13, 20.

© 2009 Truth for Today